**അടിയന്തരപ്രമേയം**

മി. സ്പീക്കർ: വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികൾ നടത്തുന്ന സമരം ഒത്തുതീർപ്പിലെത്താത്തതുമൂലം പ്രദേശത്ത് സംഘർഷാവസ്ഥ നിലനിൽക്കുന്നതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാ നടപടികൾ നിർത്തിവയ്ക്കണമെന്ന പ്രമേയം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. വിൻസെന്റ്, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നമ്മുടെ നാട് വളരെ ഗൗരവമായി വീക്ഷിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണിത്. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യുന്നതായിരിക്കും ഉചിതം, ചർച്ച ചെയ്യാം.

മി. സ്പീക്കർ: അടിയന്തരപ്രമേയ നോട്ടീസിന്മേൽ ചർച്ചയാകാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിച്ചിരിക്കുകയാണ്. അങ്ങേയറ്റം സ്വാഗതാർഹമായ ഒരു നിലപാടാണിത്. ഈ സഭയിൽത്തന്നെ

ഇതിനോടകം സുപ്രധാന വിഷയങ്ങളിന്മേൽ റൂൾ 50 പ്രകാരമുള്ള മൂന്ന് പ്രമേയങ്ങളിന്മേലാണ് വിശദമായ ചർച്ച നടത്തിയിട്ടുള്ളത്. ഇന്നത്തെ നോട്ടീസിന്റെ അടിസ്ഥാനത്തിൽ ചട്ടം 55-ൽ പരാമർശിച്ചിട്ടുള്ള പ്രകാരം ഉച്ചയ്ക്കുശേഷം 1.00 മണിക്ക് പ്രമേയം ചർച്ചയ്ക്കെടുക്കുന്നതാണ്. രണ്ട് മണിക്കൂർ സമയം ചർച്ചയ്ക്കായി നീക്കിവയ്ക്കുകയും ചെയ്യുന്നു.